"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റിസർവ്വെ 32/2 ൽ പ്പെട്ട 1.96 ആർ വസ്തു വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനായി വിട്ടുനൽകുന്നതിനായി എടച്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.127/2022/LSGD തീയതി,തിരുവനന്തപുരം, 20-06-2022

---

പരാമർശം:-
1. എടച്ചേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08/10/2021 ലെ 4/1 നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 18/02/2022 ലെ PAN/15054/2021-C5(DP) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റിസർവ്വെ 32/2 ൽ പ്പെട്ട 1.96 ആർ വസ്തു വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനായി വിട്ടുനൽകുന്നതിനായി പരാമർശം (1 ) പ്രകാരം തീരുമാനിക്കുകയും അനുമതിക്കായി പരാമർശം(2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ഭൂമിയിൽ സാംസ്കാരിക നിലയം സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നും ലൈഫ് ഭവന പദ്ധതിയിൽ ഭൂരഹിത-ഭവനരഹിതരുടെ പട്ടികയിൽ നാല് ഗുണഭോക്താക്കളാണ് ഉള്ളതെന്നും ഭൂരഹിതരായവരുടെ പുനരധിവാസത്തിന് പഞ്ചായത്ത് വേറെ ഭൂമി കണ്ടെത്തിയിട്ടില്ല എങ്കിലും അവർക്ക് ലൈഫ് മൂന്നാം ഘട്ടത്തിൽ ഫ്ലാറ്റ് ലഭിക്കാൻ സാധ്യതയുള്ളതിനാൽ പുനരധിവാസത്തിനായി ആർജ്ജിച്ച പ്രസ്തുത സ്ഥലം വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് കൈമാറുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട് എന്നും പരാമർശം(2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടം (1)-ാം ഉപചട്ടം പ്രകാരം കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റിസർവ്വെ 32/2 ൽ പ്പെട്ട 1.96 ആർ വസ്തു വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനായി വിട്ടുനൽകുന്നതിനായി എടച്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVAN A P

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സ.ഉ.(കൈ) നം.127/2022/LSGD

സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

നിയമവകുപ്പ് D3/29/2022/LAW( OPINION D)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(Fileno.RC1/235/2021/LSGD).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ